# വൈരുദ്ധ്യങ്ങളെ സമന്വയിക്കുന്ന സ്ത്രീസങ്കല്പം – വൈലോപ്പിള്ളിക്കവിതയിൽ

**ജിഷ എലിസബത്ത്**

**ആമുഖം:**

ജീവിതത്തിന്റെ മധുരവും കയ്പും വാറ്റിക്കുറുക്കിയ കാവ്യചഷകം മലയാളികള്‍ക്ക് സമ്മാനിച്ച മഹാകവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ. പ്രിയകരമാം ജീവിതം തന്റെ നടവഴിയിൽ നിരത്തിയെല്ലാം –

'നിരയത്തിൻ ചൂരും പാരിൻ
നിന്ദകളേറ്റിയ ചുവയും' (ഓർമ്മകൾ, 2010 : 339)

എല്ലാം തന്റെ പ്രതിഭകൊണ്ടു വാറ്റിയൊരുക്കി ഓർമ്മകളുടെ കുംഭശതങ്ങളിൽ മറചെയ്ത്, പാഴ്നരയോടു പകരം വീട്ടാൻ അതിൽനിന്നും കോരിയെടുത്ത് സ്വപ്നത്തിൻസുന്ദരകലയാം സ്വച്ഛസ്ഫടികക്കപ്പിൽ വിളമ്പിയ, അത്ഭുതരുചിയും മണവും കലർന്ന മദ്യമാണ് ആ കവിതയെന്ന് 'ഓർമ്മകൾ' എന്ന കവിതയിൽ കവിതന്നെ പറയുന്നുണ്ട്. അതേ, പ്രകൃതിയുടെ ചവർപ്പും പുളിപ്പും ഇനിപ്പും ഒരുപോലെ ആ കവിതയിൽ സമന്വയിക്കപ്പെടുന്നുണ്ട്. ഇത്രയും വൈരുദ്ധ്യങ്ങളെ സ്വാംശീകരിക്കുന്ന കവിത മലയാളത്തിൽ അപൂർവ്വമാണ്. ആ വൈരുദ്ധ്യങ്ങളുടെ ആവിഷ്കാരം അദ്ദേഹത്തിന്റെ സ്ത്രീസങ്കല്പത്തിലും ദാമ്പത്യദർശനത്തിലും സ്ത്രീ-പുരുഷബന്ധത്തിലും എന്നല്ല, എല്ലാ ജീവിതാവിഷ്കാരത്തിലും പ്രകടമാണ്.

**''ഹാ സഖീ ! നീയെന്നോടു ചേർന്നു നില്ക്കുക''**

വൈയക്തികജീവിതത്തിലെ പ്രണയത്തിന്റെ ആദ്യാനുഭവത്തെ ഓർമ്മിച്ചുകൊണ്ടല്ലാതെ വൈലോപ്പിള്ളിയുടെ സ്ത്രീയാവിഷ്കാരങ്ങളിലേയ്ക്കു കടക്കാനാവില്ല.

'എൻകരളിനെയാദ്യമുണർത്തിയ

പെൺകൊടിതൻ സ്മൃതിരംഗം'

നെഞ്ചകത്തെ ഓർമ്മകളിൽ മധുവൂറുന്ന ആ അനുഭവം തൊട്ടുപിന്നാലെ വരുന്ന അശുഭചിന്തയാൽ ദുഃഖഭരിതമാകുന്നു.

'പാതിനുകർന്നിട്ടും മുമ്പെൻ

പാണിപിടിയ്ക്കാം മരണം.' ( സാവിത്രി, 2010 : 898)

'കണ്ണുനീർക്കുത്തിൽ നേരമ്പോക്കിന്റെ വെള്ളിമീൻചാട്ടം' കാണുന്ന കവിയ്ക്കു പക്ഷേ ആ മരണത്തിന്റെ അവസാനദർശനത്തിലും തന്നോടൊപ്പം ആ പ്രണയിനിയെ ചേർത്തുവെയ്ക്കാതിരിക്കാൻ കഴിയില്ല.

'മസ്തിഷ്കത്തിൽ ബോധം കുറുകുമൊ-

രൊറ്റജ്ജീവകണത്തിൽ, കടലിൽ

മധുദ്വീപിൽ, ജീർണ്ണബ്രഹ്മാ-

ണ്ഡത്തിൽ മിടിയ്ക്കും താരത്തിൽ,

ഉണ്ടാമെന്നൊടൊപ്പം നീയു,മൊ-

രന്തിമചുംബന നിമിഷാർദ്ധത്തിൽ

കണ്ടാവൂ നിൻ മിഴിയിൽ ജനിമൃതി

പൂല്കും പൊരുളിൻസൌന്ദര്യം'

( ദർശനം,2010 : 930)

ജനിമൃതിയുടെ പൊരുളിന്റെ സൌന്ദര്യം പ്രണയമായിത്തന്നെ അനുഭവിച്ച കവിയാണ് വൈലോപ്പിള്ളി. 'ഋശ്യശൃംഗൻ' എന്ന കാവ്യനാടകത്തിൽ ഈ ലോകത്തിന്റെ അഭിവൃദ്ധിയ്ക്കുള്ള പ്രണവമന്ത്രമാണ് പ്രണയം എന്നദ്ദേഹം പറയുന്നുണ്ട്.

'പ്രണയദേവത ഞങ്ങൾക്കു മൂർത്തി

പ്രണവമൊന്നു താൻ ലോകാഭിവൃദ്ധി'

(വൈലോപ്പിള്ളിക്കവിത സമ്പൂർണ്ണം, വാല്യം 2, 2010 : 386)

പ്രണയത്തിന്റെ ഉഴിഞ്ഞാൽപ്പടിയിൽ ഇരിക്കുന്ന പ്രിയതമയെ മെല്ലെ ഊയലാട്ടുന്ന സ്നേഹാർദ്രനായകനായി കവി നമ്മുടെ മുന്നിൽ നില്ക്കുമ്പോൾ 'മുഗ്ധയാം പൊന്നാതിരമാതിരി' മന്ദസ്മിതം തൂകുന്ന സ്നിഗ്ധപ്രണയിനിയാവുന്നു അദ്ദേഹത്തിന്റെ സ്ത്രീസങ്കല്പം. 'കല്യാണി കളവാണി' പാടി നായകനെ പുളകം കൊള്ളിച്ച ആ നായികയെ ആത്മസ്പർശമുൾച്ചേർന്ന കുടിയൊഴിക്കൽ, സാവിത്രി, യുഗപരിവർത്തനം തുടങ്ങി അനേകം കവിതകളിൽ നാം കണ്ടുമുട്ടുന്നുണ്ട്. "ഹാ സഖീ! നീയെന്നോടു ചേർന്നുനില്ക്കുക" എന്ന് അവരോടു പറയുന്ന നായകൻ തൊട്ടടുത്ത നിമിഷംതന്നെ വേദനയോടെ തിരിച്ചറിയുന്ന ഒരു സത്യമുണ്ട്.

'മുമ്പു നാം സ്നേഹിച്ചവ-
രകന്നോ, മൃതിപെട്ടോ,
വൻപകയോടെ ചേരി-
മാറിയോ പൊയ്പ്പോകുന്നു'.

(യുഗപരിവർത്തനം, 2010: 415)

ഈ പകയുടെ രഹസ്യമാരായുമ്പോഴാണ് വൈലോപ്പിള്ളിയുടെ ബാല്യാനുഭവത്തിലെ സജീവസാന്നിധ്യമായ സ്ത്രീ– അമ്മയിലേയ്ക്കു ശ്രദ്ധിക്കേണ്ടിവരുന്നത്.

**ആസക്തയായ സ്ത്രീ :**

അമ്മയോട് അത്രമേൽ ഇഷ്ടമുണ്ടായിരുന്നെങ്കിലും സ്വന്തം അമ്മയുടെ സ്വേച്ഛാചാരിത്വവും സ്വാതന്ത്ര്യവും വൈലോപ്പിള്ളിയെ ഏറെ വിഷമിപ്പിച്ചിരുന്നു. നായർ തറവാടുകളിലെ സ്ത്രീകളുടെ അധികാരവും

ലൈംഗികതാല്പര്യങ്ങളിലെ സ്വാതന്ത്ര്യവും ചെറുപ്പം മുതലേ ആ മനസ്സിൽ അസ്വസ്ഥതയുണ്ടാക്കിയിരുന്നു.

’ഉണ്ണിവായിനാൽ മുലകുടിയ്ക്കെ,യുൾക്കൊണ്ടൊരു
ചെന്നിനായകത്തിൻ കയ്പ്പെന്നുള്ളിൽ കിളരുന്നു’.(സാവിത്രി, 2010:897 )

അമ്മയുമായുള്ള ഈ സംഘർഷത്തെ ഈഡിപ്പൽ കോംപ്ലെക്സായിട്ടാണ് എം.എൻ.വിജയൻ നിരീക്ഷിക്കുന്നത്. എന്നാൽ അമ്മയെ തന്നിൽനിന്നകറ്റിയ ശക്തിയായല്ല വൈലോപ്പിള്ളി അച്ഛനെ കാണുന്നത്. കവിയുടെ അമ്മ മാത്രമല്ല, വാത്സല്യവും സ്നേഹവും പകർന്ന് അച്ഛനും ആ ശൈശവത്തെ സമ്പന്നമാക്കിയിട്ടുണ്ട്. കേവലം ഒരു സിദ്ധാന്തത്തിന്റെ നിഴൽ വട്ടത്തിലൊതുങ്ങുന്നതല്ല ആ മഹാപ്രതിഭയുടെ ലോകം.

ഒരു കുഞ്ഞ് – ആണോ പെണ്ണോ ആകട്ടെ താൻ വളർച്ചയുടെ ആദ്യഘട്ടത്തിൽ ഏറ്റവും പരിചയപ്പെടുന്ന വസ്തുവോ വ്യക്തിയോ ആയി ബന്ധപ്പെട്ടുകൊണ്ട് അതിന്റെ ഉപബോധമനസ്സിലുണ്ടാവുന്ന പ്രതിപ്രവർത്തനം അതിന്റെ സ്വഭാവരൂപീകരണത്തിൽ വലിയ പങ്കുവഹിക്കുന്നുണ്ട് എന്ന വസ്തുപ്രതിഫലനസിദ്ധാന്തത്തിൽ നാൻസി ചൊദറോവിനെപ്പോലുള്ള സൈക്കോളജിസ്റ്റുകൾ വ്യക്തമാക്കിയിട്ടുണ്ട്.

‘വെറ്റില മണക്കുന്ന കൈകളാൽ തോളത്തെന്നെ
വെച്ചുചേർത്തച്ഛൻ വീട്ടുകോലായിലുലാത്തുമ്പോൾ
തൻമുഴമുണ്ടും കണ്ണും മൊഴിഞ്ഞ പുരാണത്തി-
ലെൻമനം വിഹരിക്കെ..’. ( 2010 : 895)

യാണ് തന്റെ പ്രാണസഖിയായ സാവിത്രിയെ താൻ ആദ്യം കണ്ടത് എന്ന് അദ്ദേഹം പറയുന്നുണ്ട്. അങ്ങനെയുള്ള അച്ഛനെ അമ്മ തിരസ്കരിച്ചത് ആ കുട്ടിമനസ്സിൽ വലിയ ആഘാതമായി.

'ശോകമൂകനായച്ഛനക്കാലത്തിറങ്ങിപ്പോയി

സ്വീകരിച്ചിതെന്നമ്മ മറ്റൊരുത്തനെ ക്രമാൽ' (2010: 896)

'ഉപ്പേരിയും പഴവും തൻ പരാതിയുമായി' സ്കൂളിലേയ്ക്കുള്ള വഴിവക്കിൽ കാത്തുനിന്ന വാത്സല്യനിധിയായ അച്ഛനെ ഓർക്കുമ്പോൾ ഹാംലറ്റിനെപ്പോലെ 'ഇരിക്കേണമോ മരിക്കേണമോ' എന്ന ആത്മസംഘർഷം ആ മനസ്സിൽ രൂപപ്പെടുന്നു. മാത്രമല്ല, സ്വയം ഒഴിഞ്ഞുപോകേണ്ടിവന്ന ആ അച്ഛന്റെ ധൈര്യക്കുറവും പരാതിയും വൈലോപ്പിള്ളിയുടെ സ്വഭാവഘടനയിലുൾച്ചേർന്നിട്ടുണ്ട് എന്ന് അദ്ദേഹത്തിന്റെ പില്ക്കാലജീവിതം സാക്ഷിക്കുന്നു. രണ്ടാനച്ഛനോടുള്ള താല്പര്യക്കുറവും അച്ഛൻ പിരിഞ്ഞതിൽ ഉണ്ടായ ദുഃഖവും കുട്ടിയെന്ന നിലയിലുള്ള നിസ്സഹായതയുംചേർന്ന് സ്ത്രീസ്വഭാവത്തെക്കുറിച്ചുള്ള അധമമായ ഒരു കാഴ്ചപ്പാട് ആ മനസ്സിൽ രൂപപ്പെട്ടു. തന്റെ അമ്മ ഇങ്ങനെയാണെങ്കിൽ ഏതു സ്ത്രീയും കാമത്തിൽ സ്വേച്ഛാചാരിയായിരിക്കും എന്ന് കുട്ടി ഉറപ്പിച്ചു. കുടിയൊഴിക്കൽ എന്ന കാവ്യത്തിൽ അദ്ദേഹം പറയുന്നു

'കന്യമാർക്കു നവാനുരാഗങ്ങൾ

കുങ്കുമശോണസ്ഫടികവളകൾ

ഒന്നു പൊട്ടിയാൽ മറ്റൊന്ന്...' (കുടിയൊഴിക്കൽ, 2010 : 171)

സ്ത്രീയ്ക്ക് പ്രണയത്തിലും മനുഷ്യബന്ധങ്ങളിലും സ്വേച്ഛാചാരിത്വവും ലാഘവവും ആണുള്ളതെന്ന വിശ്വാസം അദ്ദേഹത്തിൽ രൂപപ്പെട്ടത് അമ്മ കാരണമാണെന്നു കാണാം. പ്രായപൂർത്തിയായപ്പോൾ വിവാഹം കഴിക്കാനോ ഒരു പെണ്ണിനെ ആത്മാർത്ഥമായി സ്നേഹിക്കാനോ അദ്ദേഹത്തിനു കഴിയാത്തതിനു കാരണം 'ഈ വധുക്കളിലെന്റെയമ്മയെ കാണുന്നു ഞാൻ' എന്നതാണെന്ന് അദ്ദേഹംതന്നെ പറയുന്നുണ്ട്. കൂടാതെ ആദ്യപ്രണയം ജാതിയുടെ പേരിൽ അമ്മ നിഷേധിച്ചതും ആ ബന്ധം തകർന്നതും അമ്മയുമായുള്ള സംഘർഷത്തെ കൂടുതൽ സങ്കീർണ്ണമാക്കി. എന്നിട്ടും അമ്മയെ ധിക്കരിക്കാനുള്ള ധൈര്യം

അദ്ദേഹത്തിനില്ലായിരുന്നു എന്നതും ശ്രദ്ധേയം. അമ്മയോടുള്ള ഈഡിപ്പൽ അഭിരതിയല്ല

വൈലോപ്പിള്ളിയിൽ പ്രവർത്തിച്ചിരുന്നതെന്ന് വളരെ വ്യക്തമാണ്.

'താണവർഗ്ഗത്തിലാകിലും, സ്വച്ഛ
മാനസഗ്രാമപുഷ്പമേ നിന്നെ
മോതിരക്കൈപിടിച്ചു ഞാനേറ്റം
മേദുരപ്രേമമെന്റെ നാകത്തിൽ' ( കുടിയൊഴിക്കൽ, 2010 : 170)

എന്നു പറഞ്ഞിരുന്ന കവി 'കാക്കകൾ' എന്ന കവിതയിൽ തന്റെ തൻറേടമില്ലായ്മയെ ജാതി പ്രശ്നമാരോപിച്ച് രക്ഷപെടുന്നതായി കാണാം. പുനർജ്ജന്മത്തിൽ "കാക്കയായി വന്നാലെന്നെയങ്ങു കണ്ടറിയുമോ?" എന്നു ചോദിക്കുന്ന അവൾ "കണ്ടറിഞ്ഞാലെന്ത്? കല്ലെറിയാം സ്നേഹിക്കുകില്ലപ്പൊഴുമെന്നെബ്ഭൂവാൻ" എന്ന് തിരിച്ചറിയുമ്പോൾ സാമൂഹികനീതിയെ ഭയപ്പെടുന്ന സ്വന്തം സ്വത്വത്തെ അവളുടെ വാക്കുകൾ കൊണ്ട് പുച്ഛിക്കുകയാണ് കവി ചെയ്യുന്നത്. അമ്മയെയും സമൂഹത്തെയും ധിക്കരിക്കാൻ വയ്യാ എന്നു പറഞ്ഞാലും വൈലോപ്പിള്ളിയുടെ മനസ്സിൽ അബോധമായിക്കിടക്കുന്ന സ്ത്രീയുടെ ആസക്തിയെക്കുറിച്ചുള്ള വികലസങ്കല്പവും ആ തിരസ്കാരത്തിനു പിന്നിൽ ശക്തമായ സ്വാധീനമായിരുന്നു എന്നു നിരീക്ഷിക്കാം. സാവിത്രിയിൽ

"ഒരു കട്ടിലിൽ പെണ്ണോ നാഥനോ താൻ കാമിക്ക-
മുരുവെ സ്വപ്നംകണ്ടു പയ്യാരം പുലമ്പുന്നു" (2010 : 897)

എന്നു പറയുന്ന വരിയിൽ ഒരേ കട്ടിലിൽ കിടക്കുമ്പോഴും അന്യനൊരാളെ സ്വപ്നം കാണുന്ന ക്രൂരതയെ അദ്ദേഹം ഭയക്കുന്നു, സംശയിക്കുന്നു. ഈ വരിയിലെ 'ഉരു' എന്ന പ്രയോഗം കേവലം ശാരീരികബന്ധത്തിൽ ആസക്തയായ സ്ത്രീകാമനകളെ തുറന്നു കാട്ടുക തന്നെയാണ്. അവളുടെ അടിച്ചമർത്തിയ ആസക്തിയെക്കുറിച്ച് 'പനിനീർപ്പൂ' എന്ന ചെറുകവിതയിൽ അദ്ദേഹം പറയുന്നു :

'മുള്ളിൻമകളേ, ഞാ-

നൂഹിപ്പൂ, നിന്നിൽക്കുടി-

കൊള്ളുന്നുണ്ടൊരു ചെന്തീ

യെത്രയും നിഗൂഢമായ്.

മഞ്ഞുനീർ കുടിച്ചാലും

കെട്ടിടാ,താജ്ജ്വാലയിൽ

മഞ്ജുളദളപാളി

നിനക്കു തുടുക്കുന്നു.'(2010 : 499)

മഞ്ഞുതുള്ളി എത്രമേൽ തണുപ്പിക്കാൻ ശ്രമിച്ചാലും ആ ആസക്തിയുടെ അഗ്നി മറ്റേതെങ്കിലും രൂപത്തിൽ വിനാശകാരിയാവും- "തെല്ലിടകൊണ്ടീ നീയും വനിയുമെല്ലാം ഭസ്മം" – എന്നാണ്, അദ്ദേഹത്തിന്റെ പക്ഷം.ആസക്തിയെ ഒതുക്കുന്നതിൽ സ്ത്രീകൾ സമർത്ഥരാണെങ്കിലും അവർ സർവ്വനാശകാരികളാണ് എന്ന ആ കവിതയുടെ അടിക്കുറിപ്പിൽ അദ്ദേഹം എഴുതിച്ചേർത്തിട്ടുണ്ട്. ഈ മുൻധാരണയോടെ വിവാഹം കഴിച്ച അദ്ദേഹം ഭാര്യയുമായി പൊരുത്തപ്പെട്ടില്ല എന്നതിൽ അത്ഭുതമില്ല.

**സ്ത്രീകളുടെ താണ അഭിരുചിയോടുള്ള വെറുപ്പ് :**

അമ്മയും ഭാര്യയും ഒന്നും തന്റെ കാവ്യകലയുടെ മഹത്വം ആസ്വദിച്ചില്ല എന്നതും കവിമനസ്സിലെ അനിഷ്ടത്തിനു കാരണമായി. സ്ത്രീകൾക്ക് ഗൌരവമുള്ള കവിത ആസ്വദിക്കാൻ ആവശ്യമായ ഉദാത്തതയില്ല എന്ന് 'വൈകിയ വസന്തത്തിൻ പുഷ്പങ്ങൾ' എന്ന കവിതയിൽ ആക്ഷേപിക്കുന്നുമുണ്ട്. തന്റെ ചാരുഭാവനാവിലാസങ്ങളെ കേവലം കടലാസ്സുപൂക്കളായിക്കണ്ടതും 'പിഞ്ഞിപ്പോയ പട്ടുറുമാലിന്റെ' എന്നുതുടങ്ങുന്ന

സിനിമാപ്പാട്ടിന്റെ മട്ടിൽ കാവ്യം ചമയ്ക്കാൻ ഭാര്യ ആവശ്യപ്പെടുന്നതും സ്ത്രീകളുടെ കാവ്യാസ്വാദനത്തിന്റെ ഗൌരവമില്ലായ്മയായി അദ്ദേഹം പുച്ഛിക്കുന്നു. എങ്കിലും സ്ത്രീയെ പഴിക്കുമ്പോഴും പരിഹസിക്കുമ്പോഴും പുരുഷനേയും അവന്റെ പരുക്കൻ ലോകങ്ങളെയും വന്യകാമങ്ങളെയും അദ്ദേഹം മാറ്റിനിർത്തുന്നില്ല എന്നിടത്താണ് ആ കവിതയുടെ മഹത്ത്വം. കുടിയൊഴിക്കലിൽ 'ചെറ്റയാം വിടൻ' എന്ന തന്നെത്തന്നെ വിശേഷിപ്പിക്കുന്ന കവി 'കാശിത്തുമ്പകൾ' എന്ന കവിതയിൽ

'ഞെരുക്കിയുടച്ചല്ലോ
നിന്നെ ഞാൻ വീണ്ടും വീണ്ടും
പരുഷവിചാരത്താൽ
വാക്കിനാൽ, പ്രവർത്തിയാൽ'. (കാശിത്തുമ്പകൾ, 2018: 502)

എന്ന കുറ്റബോധത്തോടെ ഏറ്റുപറയുന്നുണ്ട്.

**അനുരഞ്ജനത്തിന്റെ കവി :**

പുരുഷനും സ്ത്രീയും ചേരുന്ന, വൈരുദ്ധ്യങ്ങളെ സമരസപ്പെടുത്തുന്ന ജീവിതമാണ് പ്രകൃതി ആഗ്രഹിക്കുന്നതെന്നും പ്രപഞ്ചനിലനില്പിനു കാമ്യമായ വഴി അനുരഞ്ജനത്തിൻറേതാണെന്നും കവി അറിഞ്ഞിരുന്നു. പൂർണ്ണമായ യോജിപ്പോ വിയോജിപ്പോ അല്ല ദാമ്പത്യത്തെ സാർത്ഥകമാക്കുന്നത്. അനുരഞ്ജനമാണ് അതിന്റെ വഴിയെന്നു യുഗപരിവർത്തനം, കണ്ണീർപ്പാടെ, ഒഴിഞ്ഞ കൂട്, മലർക്കുല എന്നിങ്ങനെയുള്ള കവിതകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

'രണ്ടു പൂങ്കരളിന്റെ നാരുകൾ നെയ്യപ്പെട്ടി-
ട്ടുണ്ടതിലിന്നീശ്ശില്പം നിഷ്ഫലം ദയനീയം'

(ഒഴിഞ്ഞ കൂട്, 2018 : 500)

എന്ന് 'ഒഴിഞ്ഞ കൂട്' എന്ന കവിതയിൽ ദാമ്പത്യത്തിലെ രണ്ടു പൂങ്കരളിന്റെ നാരുകൾ പരസ്പരം ചേർന്നൊരുക്കേണ്ട സ്നേഹാനുഭവത്തെക്കുറിച്ച് അദ്ദേഹം പറയുന്നുണ്ട്. ഒരേ മനസ്സായ് മുന്നോട്ടു പോകേണ്ടവരാണ് ഭാര്യാഭർത്താക്കന്മാർ

എന്നു 'മലർക്കല' എന്ന കവിതയിലും പറയുന്നു. സീതാരാമന്മാരെ ചേർത്തുനിർത്തുന്ന അനസൂയയുടെ വൃദ്ധമാതൃഹൃദയംകൊണ്ട് 'ഉജ്ജ്വലമുഹൂർത്തം' എന്ന കവിതയിലും ഈ അനുരഞ്ജനത്തിന്റെ പ്രകൃത്യനുഭവത്തെ കവി ആദരിക്കുന്നുണ്ട്. ഇത് പ്രകൃതിയെക്കുറിച്ചുള്ള ഭാവനാത്മകമായ ദർശനം മാത്രമല്ല. ഒരു ശാസ്ത്രസത്യം കൂടിയാണ്. പ്രപഞ്ചസംരചനയിൽ അന്തർലീനമായിരിക്കുന്ന നിഗൂഢസത്യങ്ങൾ വൈയക്തികമായ അനുഭവരൂപത്തിൽ ഒരു പ്രതിഭയിൽ സാക്ഷാത്ക്കരിക്കുന്ന എന്നേയുള്ളൂ. അതിനെ ഫ്രോയിഡിയൻ മനശ്ശാസ്ത്രത്തിന്റെ പരിമിതികൊണ്ടുമാത്രം അളക്കാൻ കഴിയില്ല. കാരണം സ്ത്രീയുടെ വിനാശകാരിയായ ശക്തിയെയും സ്വഭാവവിശേഷത്തെയും മാത്രമല്ല കവി ദർശിക്കുന്നത്. അവളുടെ സ്നിഗ്ധതയെയും ലാവണ്യത്തെയും വാത്സല്യത്തെയും ശുശ്രൂഷാമനോഭാവത്തെയും പരിലാളനോദ്യുക്തമായ മാതൃത്വത്തെയും തന്റെ കവിതയിലൂടെ അവതരിപ്പിക്കുന്നുണ്ട്. നിന്റെ ഹൃദയം, ഊഞ്ഞാലിൽ, കാശിത്തുമ്പകൾ, മലർക്കല, അത്യാനന്ദം തുടങ്ങിയ കവിതകൾ ഉദാഹരിക്കാം. സ്ത്രീയെ അവളുടെ മനോഹരരൂപത്തിൽ അദ്ദേഹം അനുഭവിക്കുന്നത് 'കവിത'യുടെ രൂപത്തിലാണ് എന്നതാണ് വൈലോപ്പിള്ളി എന്ന മനുഷ്യന്റെ പരാജയവും കവിയുടെ മഹത്വവും.

**സപത്നിയെ സഹിക്കാത്തവൾ :**

മനുഷ്യസ്ത്രീകളിൽ കാവ്യാംഗനയുടെ സമ്പൂർണ്ണസമർപ്പിതലയം അനുഭവിക്കാൻ കവിയ്ക്കും കവിമനസ്സിലെ സ്ത്രീസങ്കല്പം സാക്ഷാത്ക്കരിക്കാൻ അദ്ദേഹത്തിന്റെ ജീവിതത്തിലെ സ്ത്രീകൾക്കും കഴിയാഞ്ഞതാവാം വ്യക്തിജീവിതം സംഘർഷഭരിതമാവാൻ കാരണം. അദ്ദേഹം തന്റെ കാവ്യദേവതയുടെ പ്രത്യക്ഷമൂർത്തിയായ സാവിത്രിയെക്കുറിച്ച് 'സപത്നിയെ സഹിക്കാത്തവൾ' എന്ന് പറയുന്നുണ്ട്. ഏതു യമലോകത്തുംപോയി തുണയറ്റ മനുഷ്യനെ മരണത്തിൽനിന്നും വീണ്ടെടുക്കുന്ന സ്നേഹമൂർത്തിയുടെ – സ്ത്രൈണശക്തിയുടെ, സംരക്ഷിതമാതൃബിംബത്തിന്റെ ഒക്കെ രൂപത്തിൽ

സാവിത്രി അദ്ദേഹത്തോടൊപ്പം എപ്പോഴും ഉണ്ടായിരുന്നു. ആ ക്ഷമാമൂർത്തിയും സ്നേഹമൂർത്തിയുമായ സ്ത്രീയുടെ പരിചാരണയേല്ക്കുമ്പോൾ തനിക്കു മരണമുണ്ടാവില്ല എന്ന് കവി ഉറച്ചു വിശ്വസിച്ചിരുന്നു.

'അന്തരിക്കില്ലേവം ഭവാൻ

പിറക്കും നമുക്കു നൂറുണ്ണികൾ കവിതകൾ'.

(സാവിത്രി, 2010: 900)

വൈലോപ്പിള്ളിക്കവിതകളിൽ പ്രത്യക്ഷപ്പെടുന്ന 'ഞാൻ' എന്ന പുരുഷകഥാപാത്രത്തിനു തന്റെ കലാകാമിനിയെയല്ലാതെ മജ്ജയും മാംസവുമുള്ള സ്ത്രീയെ ഉള്ളഴിഞ്ഞു സ്നേഹിക്കാനോ അവളുടെ തൃഷ്ണകളെ മനുഷ്യസ്വഭാവമായിക്കണ്ടു തൃപ്തിപ്പെടുത്താനോ കഴിയുന്നില്ല. 'പൊരുത്തപ്പെടാത്ത ജീവിതവീക്ഷണങ്ങളോടുകൂടിയ വ്യക്തികൾ സഹവർത്തിത്വനയമനുസരിച്ചു ദാമ്പത്യബന്ധം പേറി തളരുന്നതിന്റെ ഹൃദയസ്പർശിയായ ശോച്യത കണ്ണീർപ്പാടം, യുഗപരിവർത്തനം മുതലായ പല കവിതകളിലും അനുരണനം ചെയ്യുന്നു' എന്ന് ഡോ.എം. ലീലാവതി നിരീക്ഷിക്കുന്നുണ്ട്. തന്റെ ബലഹീനത മറച്ചുവെച്ചുകൊണ്ട് സ്ത്രീയെ ആസക്തിയുടെ മൂർത്തരൂപമായിക്കണ്ട് അവളിൽ പഴിചാരാനാണ് കവിക്കു തിടുക്കം. 'ഋശ്യശൃംഗൻ' പോലുള്ള നാടകം എഴുതിയതുതന്നെ സ്ത്രീതൃഷ്ണകളുടെ സർവ്വനാശകാരിയായ രൂപവും ഭാവവും ആ ആസക്തിയുടെ ഫലവും എടുത്തു കാണിക്കാനാണ്. കലാകാരനായ പുരുഷന്റെ കാവ്യഭാവനകളെയോ കാവ്യജീവിതത്തെയോ മനസ്സിലാക്കാനുള്ള സിദ്ധിയില്ലാത്ത സ്ത്രീയോടൊത്തു ജീവിതം ദുസ്സഹമാക്കാനാണ് തന്റെ വിധി എന്നദ്ദേഹം നിരാശയോടെ തിരിച്ചറിയുന്നു. ഇത്തരത്തിലുള്ള ദാമ്പത്യത്തിൽ സ്നേഹം കത്തിത്തീരുകയും നയവും അഭിനയവും ഏറുകയും ചെയ്യുമെന്നു കവിക്കറിയാം.

'നിയമം നിറവേറ്റലെത്രയിദ്ദാമ്പത്യത്തിൽ

നയമെത്രയാണഭിനയമെത്രയാണെന്നും
കഴിച്ചുകുഴിച്ചു നാമനിഷ്ട സ്മൃതികൾ ത-
ന്നാഴക്കു പരതിച്ചെന്നെത്തുന്ന നരകത്തിൽ’

(കണ്ണീർപ്പാടം, 2010 : 442)

ജീവിതമെന്ന കലയാണ് ഏറ്റവും ശ്രേഷ്ഠമെന്ന കവിക്കറിയാം. അതു ഭംഗിയായി ഒരു തുള്ളിപോലും ബാക്കിവെയ്ക്കാതെ ആസ്വദിക്കാൻ ശ്രമിക്കുന്ന കവിയെ ഊഞ്ഞാലിൽ പോലുള്ള കവിതകളിൽ കാണാം.പക്ഷേ തന്റെ സ്വതന്ത്രമായ ലൈംഗികതാല്പര്യങ്ങളും ജീവിതാസക്തികളും പൂർണ്ണമായും ആസ്വദിക്കാൻ കവി ശ്രമിച്ചിരുന്നില്ല. സ്വന്തം മാതാപിതാക്കളുടെ വേർപിരിയലുകളും തുടർന്നുണ്ടായ മാനസിക സംഘർഷങ്ങളും തന്റെ കുട്ടിക്കാലത്തു മനസ്സിലേൽപ്പിച്ച മുറിവുകളാവാം, ‘കുട്ടികൾ എന്തു ചെയ്യും?’ ( കാവ്യലോകസ്മരണകൾ, 2010 : 465)എന്ന് ആകുലപ്പെടാൻ കാരണമായത്. സ്നേഹവൈകൃതങ്ങളാൽ തമ്മിൽ പരുക്കേറ്റുന്ന ദയനീയരായ ദമ്പതികളായിരിക്കുമ്പോഴും സ്വതന്ത്രലൈംഗികത പോലെ കുട്ടികളെ അനാഥരാക്കുന്ന സാമൂഹിക ദുരന്തങ്ങളെ അദ്ദേഹം പിന്തുണച്ചില്ല.

‘പുള്ളിമാനിന്റെ പിറകെ പുലിയെയും വസന്തവായുവിൽ വസൂരിരോഗാണുക്കളെയും ദർശിക്കാതിരിക്കാൻ’ (2010:724) തനിക്കാവില്ല’ എന്ന് ‘വിത്തും കൈക്കോട്ടും’ എന്ന കൃതിയ്ക്കെഴുതിയ നിബന്ധത്തിൽ അദ്ദേഹം വ്യക്തമാക്കുന്നു. ഈ വൈരുദ്ധ്യമാണ് വൈലോപ്പിള്ളിക്കവിതയുടെ ആഴത്തിനു കാരണമായത്. വ്യക്തിജീവിതവും കലാജീവിതവും ഒരുപോലെ സംഘർഷഭരിതമായതിനു കാരണവും ഇതത്രെ. വൈരുദ്ധ്യങ്ങളെ സമന്വയിപ്പിക്കുവാൻ ശ്രമിക്കുന്നു എന്ന തോന്നൽ കവിതയിൽ സൃഷ്ടിക്കുമ്പോഴും വൈലോപ്പിള്ളി എന്ന വ്യക്തി ഒരു വിട്ടുവീഴ്ച്ചയ്ക്കും തയ്യാറല്ലായിരുന്നു എന്നതാണു സത്യം. തന്റെ ധാരണകൾക്കും മുൻവിധികൾക്കും

അനുസരിച്ച് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെയാണ് ഭാര്യയുമായി അകന്നു താമസിക്കാൻ തുടങ്ങിയെങ്കിലും കാവ്യാംഗനയുമായുള്ള സ്വൈരവേഴ്ചയ്ക്കു ഭംഗം വരാതിരിക്കാനാണ് ഈ ഏകാന്തജീവിതം തെരഞ്ഞെടുത്തതെന്ന് ആ കവിതയും അദ്ദേഹത്തോട് അടുപ്പമുള്ളവരും സാക്ഷിക്കുന്നു. ചെറിയ കാര്യങ്ങൾക്കുപോലും കലഹിച്ച് ഭാര്യയെ തന്നിൽനിന്നും അകറ്റി നിർത്തിയത് കവിതയുമായുള്ള ലയപൂർത്തിയ്ക്കുവേണ്ടിയായിരുന്നു. ഒരുപക്ഷേ, ഈ അകല്ചയായിരിക്കണം സ്ത്രീയെ സംബന്ധിക്കുന്ന വ്യക്തിത്വമുള്ള മനോഹരചിത്രങ്ങൾ മെനയാൻ അദ്ദേഹത്തിനു പ്രേരണയായത് എന്നും കാലം സാക്ഷ്യപ്പെടുത്തുന്നു.

**സഹായകഗ്രന്ഥങ്ങൾ**

വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ,ഭാഗം 1, ഭാഗം 2., കറൻറ് ബുക്സ്, തൃശ്ശൂർ.

എം.പി.ശങ്കുണ്ണിനായർ, കാവ്യൂത്പത്തി.

എസ്.രാജശേഖരൻ, കവിതയുടെ ജാതകം.

എം.എൻ.വിജയൻ,'മാമ്പഴം', ജയകേരളം വിശേഷാൽപ്പതിപ്പ്,1956.

ഉണ്ണികൃഷ്ണൻ ചേലേമ്പ്ര, ലില്ലിപ്പൂക്കളും അഗ്നിസ്ഫോടനവും,മാതൃഭൂമി ആഴ്ചപ്പതിപ്പ്,മെയ്(10) 1981.

എം.ലീലാവതി, മനസ്വിനിയും സാവിത്രിയും, മാതൃഭൂമി ആഴ്ചപ്പതിപ്പ്, മാർച്ച് (14) 1982.